സാഹിത്യവാരഫലം

1985/07/28 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1985/07/28-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

കീർത്തി എന്നതു പണമെറിയുമ്പോൾ പൊയ്മേനി കാണിക്കുന്ന വേശ്യയല്ല. ചാടുവചനങ്ങൾ പറഞ്ഞും എഴുത്തു കൊടുത്തും വശീകരിക്കാവുന്ന കോളേജ് വിദ്യാർത്ഥിനിയുമല്ല. “ആഹ്ലാദത്തിന്റെ പാൽക്കടലിൽനിന്ന് ഉയർന്നുവരുന്ന ലക്ഷ്മീദേവി”ക്കു സദൃശയായ നവവധുവാണ് അവൾ. വരനോടൊത്ത് അവൾ രമിക്കുമ്പോൾ എന്നും പ്രഥമരാത്രിയാണ് അയാൾക്ക്. സൂക്ഷിച്ചു പെരുമാറിയാൽ എല്ലാക്കാലവും അയാൾക്ക് ആ ആഹ്ലാദാനുഭൂതി ഉണ്ടാകും. വള്ളത്തോളും ചങ്ങമ്പുഴയും ഇടപ്പള്ളിയും അവളുടെ മടിയിൽ തലവച്ചു കിടന്നവരാണ്. അവളുടെ പട്ടുപോലത്തെ തലമുടി തടവിത്തടവി പുളകംകൊണ്ടവരാണ്.

കീർത്തി വേറെ, ലോകപ്രിയത വേറെ. ലോകപ്രിയതയ്ക്ക് പടിഞ്ഞാറുള്ളവർ പോപ്യുലാരിറ്റി എന്നാണ് പേരിട്ടത്. ഇന്നത്തെ പല കവികളും നോവലെഴുത്തുകാരും നിരൂപകരും പോപ്യുലാരിറ്റി ഉള്ളവരാണ്. അവർ കീർത്തിയാർജ്ജിച്ചവരല്ല. ധൈഷണിക ജീവിതം നയിക്കുന്നവർ വ്യക്തിയുടെ പ്രതിഭ കണ്ട് അതിനെ അംഗീകരിക്കുമ്പോൾ ജനിക്കുന്നതാണ് കീർത്തി, യശസ്സ്. ധിഷണാപരമായി ജീവിതത്തോട് ഒരു ബന്ധവുമില്ലാതെ, ക്ഷുദ്രവികാരങ്ങളെ പ്രതിപാദിക്കുന്ന കൃതികളെ മാത്രം നെഞ്ചേറ്റിലാളിക്കുന്നവർക്കു പ്രതിഭ കണ്ടറിയാൻ പ്രാഗൽഭ്യമില്ല. അവർ പത്താംതരം എഴുത്തുകാരെ അംഗീകരിക്കുന്നു. ആ അംഗീകാരത്തിൽനിന്നു ജനിക്കുന്ന പോപ്യുലാരിറ്റി—ലോകപ്രിയത വെറും കാപട്യമാണ്. ആ കാപട്യത്തെ യാഥാർത്ഥ്യമായി—യശസ്സായി—കരുതുന്ന ഈ എഴുത്തുകാർ. യശസ്സിനെയും ലോകപ്രിയതയെയും വേർതിരിച്ചറിയേണ്ടിരിക്കുന്ന നമ്മൾ.

ക്ലിംസി



ഈ തിരിച്ചറിവ് ആർക്കില്ലയോ ആ ആൾ കലാകാരനല്ല എന്നതു നിശ്ചയം. ഒരു ശാസ്ത്രജ്ഞന് ഒരു പൂച്ചയുണ്ടായിരുന്നു. പൂച്ചയ്ക്കു കൂടക്കൂടെ വീട്ടിനു പുറത്തു പോകണം. തിരിച്ചു വരണം. ഓരോ തവണയും വാതിൽ തുറന്നുകൊടുത്തും അടച്ചും ശാസ്ത്രജ്ഞൻ നന്നേ തളർന്നു. അയാൾ ഒരു കല്ലാശാരിയെ വിളിച്ചു ചുവരിൽ ഒരു ദ്വാരം ഇടാൻ പറഞ്ഞു. പിന്നീട് ആ ദ്വാരത്തിലൂടെയായി പൂച്ചയുടെ പോക്കും വരവും. അങ്ങനെയിരിക്കെ ആ പൂച്ച പ്രസവിച്ചു. ശാസ്ത്രകാരൻ ആശാരിയെ വീണ്ടും വിളിച്ചുവരുത്തി ഭിത്തിയിൽ ഒരു ചെറിയ ദ്വാരമിടാൻ നിർദ്ദേശിച്ചു. അങ്ങനെ ഒരു വലിയ ദ്വാരവും ഒരു ചെറിയ ദ്വാരവും. എന്നാൽ വലിയ ദ്വാരത്തിലൂടെ പൂച്ചക്കുട്ടിക്കും കടന്നുപോകാമെന്ന വിചാരം ശാസ്ത്രജ്ഞന് ഉണ്ടായില്ല. മാനസി കലാകൗമുദിയിൽ (ലക്കം 513) എഴുതിയ ‘ഉണ്ണികൃഷ്ണനും അച്ഛനും’ എന്ന ചെറുകഥ വായിച്ചപ്പോൾ എനിക്കോർമ്മ വന്നത് ഈ പൂച്ചക്കഥയാണ്. വൃദ്ധനായ അച്ഛനോട് മകനു സ്നേഹവും കടപ്പാടും. മകന്റെ ഭാര്യയ്ക്ക് അവയില്ല എന്നതിൽ അദ്ഭുതപ്പെടാനില്ല. ആദ്യം ഭർത്താവിന്റെ അച്ഛനോടുകൂടി താമസിച്ചിരുന്ന അവൾ അയാളെ ഉപേക്ഷിച്ച് ഭർത്താവിന്റെ ജോലിസ്ഥലത്തേക്കു പോന്നു. വൃദ്ധനു രോഗം കൂടി. ദാരിദ്ര്യം കൂടി. മകൻ ഭാര്യയുടെ വളയും കുഞ്ഞിന്റെ മാലയും വിറ്റ് അച്ഛനു പണമയച്ചു. അതോടെ കഥയുടെ പര്യവസാനം. വൃദ്ധനോ മകനോ മരിക്കുന്നു. ‘ക്ലിംസി’യായ രചനയാണു മാനസിയുടേത്. അതുകൊണ്ട് മരിച്ചത് ആരാണെന്ന് എനിക്കു പിടികിട്ടിയില്ല. ആരു ചത്താലും കഴപ്പമില്ല. ആരുടെയും നേർക്കു സഹതാപത്തിന്റെ നീർച്ചാല് ഒഴുകാതിരിക്കത്തക്കവിധത്തിലാണ് മാനസിയുടെ രചന. വൈദഗ്ദ്ധ്യമുള്ളവരുടെ കൈയിൽ കലാശില്പമായിത്തീരേണ്ട ഒരു വിഷയം ഇവിടെ വിരൂപമായി ഭവിക്കുന്നു; ചുട്ട പപ്പടം പോലെ. ഇക്കഥയിലെ പ്രധാന വികാരം കഷ്ടപ്പെടുന്ന അച്ഛനെ അവലംബിച്ചുള്ളതാണ്. അതൊരു വലിയ ദ്വാരമാണ്. അതിലൂടെ വായനക്കാരൻ ഗതാഗതം നടത്തിക്കൊള്ളും. പക്ഷേ, കഥയെഴുത്തുകാരിയുടെ നിർബന്ധത്താലെന്നപോലെ ‘അനേകമനേകം’ കൊച്ചു ദ്വാരങ്ങൾ ഉണ്ടായിരിക്കുന്നു. അലങ്കാരമുപേക്ഷിച്ചു പറഞ്ഞാൽ കേന്ദ്രസ്ഥിതമായ വികാരത്തെ പരിപോഷിപ്പിച്ചു കൊണ്ടുവരാതെ മറ്റു വികാരങ്ങളിലേക്കു മാനസി ഓടിച്ചെല്ലുന്നു. ഫലം പ്രധാനപ്പെട്ട വികാരം ദുർബ്ബലമായിത്തീരുന്നു. അതിന്റെ ഫലം കഥ ദയനീയമായ പരാജയം. തള്ളപ്പൂച്ച കടക്കുന്ന ദ്വാരത്തിലൂടെ തന്നെ പൂച്ചക്കുട്ടിയും കടക്കുമെന്നു നമ്മുടെ കഥയെഴുത്തുകാർ അറിഞ്ഞാൽ നന്ന്. ഒറ്റ വാക്കുകൊണ്ട് ഈ കഥയെ വിശേഷിപ്പിക്കാം. അത് പറഞ്ഞു കഴിഞ്ഞു. എങ്കിലും ആവർത്തിക്കുന്നു; ക്ലിംസി.

തിരുവനന്തപുരത്തെ ഒരു കോളേജിൽ ഒരു ഫിലോസഫി പ്രൊഫസറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് വിചിത്രമായ രീതിയിലാണ് പ്രവർത്തിച്ചിരുന്നത്. “കീടനാശിനി ചേർന്ന പഞ്ചാര ഉപയോഗിച്ചതുകൊണ്ട് രണ്ടായിരംപേരെങ്കിലും ആളുകൾ മരിച്ചു” എന്ന വാർത്ത പത്രത്തിൽ വന്നെന്നിരിക്കട്ടെ. ഉടനെ പ്രൊഫസർ ചോദിക്കും. “ഓ, കീടനാശിനി കീടം എന്നാൽ പുഴ—അല്ലേ? ക്യാറ്റർ പില്ലർ. ക്യാറ്റർ പില്ലർ ക്യാറ്റ് പൂച്ചയല്ലേ? പൂച്ചയെന്നാൽ സുന്ദരിയെന്നല്ലേ.



വസ്തുക്കൾ നിരത്തി കറ കടലാസ്സ് ചുരുളുകളുമായി വഴിവക്കിൽ നിന്ന് “വരൂ, വരൂ. ഭാഗ്യം പരീക്ഷിക്കു” എന്ന് ആഹ്വാനം ചെയ്യുന്നവർ പണ്ട് തിരുവനന്തപുരത്തുണ്ടായിരുന്നു. ഒരു ചക്രം അങ്ങോട്ട് ഇടണം. അപ്പോൾ ഒരു കടലാസ്സു ചുരുളെടുക്കാൻ അനുവദിക്കും. അതു വാങ്ങി തുറന്നു നോക്കിയിട്ട് വാണിഭക്കാരൻ പറയും: “ഭാഗ്യവാൻ അടിച്ചല്ലോ മൂന്നു മൊട്ടുസൂചി,” പലകപ്പുറത്തിരിക്കുന്ന ചന്തമുള്ള പാവ, തെർമസ്ഫ്ളാസ്ക്, സേഫ്റ്റി റെയ്സർ ഇവയിലേതെങ്കിലും ഒന്ന് വീട്ടിൽ കൊണ്ടുപോകാമെന്നു കരുതി ഉണ്ടെടുക്കുമ്പോഴാണ് ഈ പ്രഖ്യാപനം. എല്ലാവർക്കും കിട്ടുന്നതു മൊട്ടുസൂചിയോ സേഫ്റ്റി പിന്നോ താക്കോൽ വളയമോ ആയിരിക്കും. അക്കാലത്ത് ഞാൻ വിദ്യാർത്ഥിയായിരുന്നു. ചാലയിൽ നിന്നു പൂജപ്പുരയിലേക്കു സിറ്റി ബസ്സിൽ പോകാനുള്ള ഒരു ചക്രം കൈയിലുണ്ട്. നാലു നാഴിക നടന്നാലും വേണ്ടില്ല തെർമസ്ഫ്ളാസ്ക് കരസ്ഥമാക്കണമെന്ന ആഗ്രഹത്തോടെ ആ നാണയം തട്ടിലേക്കിട്ടു. കടലാസ്സു ചുരുളെടുത്തു. അയാൾ നോക്കിയിട്ടു പറഞ്ഞു: “അടിച്ചല്ലോ ഭാഗ്യവാൻ മൂടില്ലാത്ത മഷിക്കുപ്പിയൊന്ന്.” ഞാൻ ഏന്തിവലിഞ്ഞു പൂജപ്പുരയിലേക്കു നടന്നു.

കുങ്കുമം വാരികയുടെ 44-ാം ലക്കം. ആകർഷകങ്ങളായ വില്പനവസ്തുക്കൾ അതിൽ നിരത്തിയിരിക്കുന്നു. ഒരു ചക്രമല്ല ഒന്നര രൂപ ഇടണം. ഇട്ടു കൈയിൽ കിട്ടിയതു “മൂടില്ലാത്ത മഷിക്കുപ്പിയൊന്ന്.” ഈ മഷിക്കുപ്പിക്കു വേറൊരു പേരുണ്ട് “ലില്ലിപ്പൂക്കൾ.” അതു നിർമ്മിച്ചതു ദേവസ്സി ചിറ്റമ്മൽ. പട്ടണത്തിൽ രണ്ടു സ്നേഹിതർ അവരിൽ ഒരുത്തൻ ലില്ലിയെന്ന സുന്ദരിയെക്കണ്ട് പ്രേമത്തിൽ വീഴുന്നു. അപ്പോഴുണ്ട് നാട്ടിൽ നിന്ന് ഒരു കത്തു വരുന്നു. അയാളുടെ കൂട്ടുകാരൻ വീട്ടിലേക്കു പണമയയ്ക്കുന്നില്ലെന്നു കാണിച്ച്. ധർമ്മരോഷത്തോടെ അയാൾ കൂട്ടുകാരനെച്ചെന്നു കണ്ടു കാര്യമന്വേഷിക്കുന്നു. അന്വേഷണത്തിന് എത്തിയവനും വീട്ടിലേക്കു പണമയയ്ക്കുന്നില്ലെന്നു കാണിച്ചു വന്ന എഴുത്ത് അയാളെടുത്തു കൈയിൽ കൊടുക്കുന്നു. എന്നിട്ട് തന്റെ അവഗണനയ്ക്കു ഹേതു പ്രേമമാണെന്നു വ്യക്തമാക്കാനായി അയാൾ ഒരു ഫോട്ടോയെടുത്തു കാണിക്കുന്നു. ഫോട്ടോ ലില്ലിയുടേത്. തങ്ങൾ രണ്ടു പേരും ഒരേ പെണ്ണിനെ സ്നേഹിച്ചാണല്ലോ ജാഡ്യത്തിൽ വീണതെന്നു മനസ്സിലാക്കി അവർ അദ്ഭുതാദിവികാരങ്ങൾക്കു വിധേയരായി നില്ക്കുന്നു. ഇതു കഥയല്ല, കഥാഭാസമാണ്; ഇതു കലയല്ല, കലാഭാസമാണ്. ഇങ്ങനെ പൂർവകല്പിത രൂപങ്ങളിൽ വാർന്നു വീഴുന്ന വൈരുപ്യങ്ങളെ ഒരു കാലത്തും സാഹിത്യമായി പരിഗണിച്ചിട്ടുമില്ല. ഇതു പൈറോടെക്നിക്സാണ്; കമ്പക്കെട്ടാണ്. മൂടില്ലാത്ത മഷിക്കുപ്പിയാണ്.

പേറ്റർ ഹൻഡ്കെ

വായിക്കേണ്ട ജേണലാണ് German Book Review (Published by Hans Winterberg Goethe Institute Boston). എന്റെ കൈയിൽ കിട്ടിയ ഏറ്റവും പുതിയ ജേണൽ 2/1984. അതിൽ Karl Marx and World Literature എന്ന ഗ്രന്ഥത്തിന്റെ കർത്താവും ഓക്സ്ഫോഡിലെ ജർമ്മൻ പ്രൊഫസറുമായ S. S. Prawer കാഫ്കയെക്കുറിച്ചുള്ള ഏറ്റവും പുതിയ പുസ്തകം—The Nightmare of Reason: A Life of Franz Kafka—റിവ്യൂ ചെയ്തിരിക്കുന്നു. ആസ്ട്രിയൻ നാടക കർത്താവ് പേറ്റർ ഹൻഡ്കെ (Peter Handke) ഇന്നു വിശ്വവിഖ്യാതനാണ്. അദ്ദേഹത്തിന്റെ The Weight of the world എന്ന ഗ്രന്ഥത്തിന്റെ വിമർശനവും ഇതു ഉൾക്കൊള്ളുന്നു. പുസ്തകത്തിന്റെ സ്വഭാവം കാണിക്കാൻ അതിൽനിന്ന് ഒരു ഭാഗം എടുത്തെഴുതുന്നു. (വിമർശനത്തിൽനിന്നാണ്. പുസ്തകം ഞാൻ കണ്ടിട്ടില്ല.)

> “Defiantly the woman in the cafe butters her bread, enjoying a brief respite from her routine unhappiness.
>
> The moment I enter the department store I seem automatically, under the neon light, to put an idiotic face.
>
> I prepare myself for the hug, but also for the embarrassment after it.
>
> Brief feeling of warmth during the day when I know that a rare film or a football game will be shown on television that evening (even when, as usual, I have no intention of tuning in).
>
> A beautiful, serious-looking woman. Suddenly her frozen face bursts into a smile—it’s as if she were making water.”

നിത്യജീവിതാനുഭവത്തെ ഹൻഡ്കെ അസാധാരണമായി കാണുകയാണിവിടെ എന്ന് ഗ്രന്ഥം നിരൂപണം ചെയ്യുന്ന സ്റ്റാൻലി കൗഫ്മാൻ.

ഹൈൻറിഹ് ബോയ്ലിന്റെ പുതിയ പുസ്തകത്തിന്റെ നിരൂപണം, ഉജ്ജ്വലങ്ങളായ ചലച്ചിത്രങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ ഇവയെല്ലാം ഈ ജേണലിന്റെ മോടി കൂട്ടുന്നു. വായിച്ചു കഴിഞ്ഞതിനു ശേഷം സൂക്ഷിച്ചു വയ്ക്കേണ്ട വിധത്തിൽ ഔത്കൃഷ്ട്യമുണ്ട് ഇതിന്.

ധർമ്മസങ്കടം


ഹൈൻറിഹ് ബോയ്ൽ

ധർമ്മസങ്കടം ഏതു മഹനീയമായ കൃതിയിലും ആവിഷ്കരിച്ചിട്ടുണ്ടാവും. പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങൾക്ക് വ്യക്തി അഭിമുഖീഭവിച്ചു നിൽക്കുന്നു. അവയിൽ ഏത് അനുഷ്ഠിക്കണം എന്നതിൽ സംശയം. ഇതിനെയാണ് ധർമ്മസങ്കടമെന്നു പറയുന്നത്. ‘മഹാഭാരത’ത്തിലെങ്ങും ഈ സന്ദർഭങ്ങൾ കാണാം. എല്ലാവർക്കും അറിയാവുന്ന അവ എടുത്തു കാണിക്കേണ്ടതില്ല. അതുകൊണ്ട് പടിഞ്ഞാറൻ സാഹിത്യത്തിലേക്കു പോവുകയാണ്. വിക്തർ യൂഗോയുടെ ‘പാവങ്ങൾ’ എന്ന നോവൽ. അതിലെ ഒരു കഥാപാത്രമായ ഒരു കന്യാസ്ത്രീയുടെ മുറിയിൽ ഷാങ്വൽ ഷാങ് കടന്നു ചെന്നു. അയാളെ ഇൻസ്പെക്ടർ ഷാവേൽ അറസ്റ്റ് ചെയ്യുമെന്നു കണ്ട് അവൾ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. പ്രാർത്ഥിക്കുന്ന കന്യാസ്ത്രീയുടെ മുറിയിൽ ആർക്കും പ്രവേശിച്ചുകൂടാ, ഇൻസ്പെക്ടർ കതകിനു പിറകിൽ മറഞ്ഞു നില്ക്കുന്ന ഷാങ്വൽ ഷാങ്ങിനെ കാണാതെ ചോദിച്ചു:

അഖ്മതോവ കുടുംബത്തോടൊപ്പം

“സിസ്റ്റർ, ഭവതി മാത്രമേയുള്ളോ ഈ മുറിയിൽ?” “കന്യാസ്ത്രീ പ്രാർത്ഥിക്കുന്നിടത്ത് മറ്റാരെങ്കിലും ഉണ്ടാവുമോ?” എന്ന് അവരുടെ മറു ചോദ്യം. ജീവിതത്തിലൊരിക്കലും കള്ളം പറഞ്ഞിട്ടില്ലാത്ത ആ സിസ്റ്റർ ധർമ്മസങ്കടത്തിനു തെല്ലു നേരം വിധേയയായതിനുശേഷമാണ് ആ കള്ളം പറഞ്ഞത്. ഈ അസത്യപ്രസ്താവം അവർക്കു മാലാഖമാരുടെ ഇടയിൽ സ്ഥാനം നേടിക്കൊടുത്തെന്ന് യൂഗോ. ഇതിനെക്കാൾ ഹൃദയാവർജ്ജകമായ മറ്റൊരു ഭാഗം ആ നോവലിലുണ്ട്. ഷാങ്വൽ ഷാങ്ങാണെന്നു സംശയിച്ച് ഒരു പാവത്തിനെ അറസ്റ്റു ചെയ്തു കാരാഗൃഹത്തിലാക്കാൻ പോകുന്നു, താൻ നിശ്ശബ്ദനായിരുന്നാൽ തന്റെ ഭാവിജീവിതം സുരക്ഷിതമായിരിക്കുമെന്ന് ഷാങ്വൽ ഷാങ്ങിനു തോന്നി. പക്ഷേ, ആ ധർമ്മസങ്കടത്തിൽനിന്ന് അയാൾ മോചനം നേടി. രാത്രി മുഴുവൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു അയാൾ. നേരം വെളുക്കാറായപ്പോൾ തലേദിവസം ഏർപ്പെടുത്തിയ കുതിരവണ്ടി വന്നുനിന്നു. താനറിയാതെ ഷാങ് വൽഷാങ് അതിൽക്കയറി വിചാരണ നടക്കുന്ന പട്ടണത്തിലേക്കു യാത്രയായി. വികാരാവിവശരാകാതെ നമുക്ക് ഈ രംഗം കാണാൻ കഴിയുകയില്ല. മുരളീധരൻ ചെമ്പ്ര ദേശാഭിമാനി വാരികയിലെഴുതിയ “ഇയ്യാത്തുമ്മ, ഉണ്ണനീലി, കൃഷ്ണൻകുട്ടി.” എന്ന കഥയിലുമുണ്ട് ഒരു ധർമ്മസങ്കട പ്രതിപാദനം. താൻ അദ്ധ്യാപകനായിരുന്നപ്പോൾ ശുപാർശയുമായി എത്തിയവരോടു അയാൾ പറഞ്ഞൊഴിഞ്ഞു തനിക്കു അധികാരമില്ലെന്ന്. ഹെഡ് മാസ്റ്ററായി കയറ്റം കിട്ടിയപ്പോൾ അധികാരം കൈവന്നു. പക്ഷേ, അപ്പോൾ നീതിയും അനീതിയും പരിഗണിക്കേണ്ടി വരുന്നു. ഒരുഭാഗത്തു കാരുണ്യം, മറുഭാഗത്തു ധർമ്മചിന്ത. ഈ സംഘട്ടനത്തെ കഥാകാരൻ ഭേദപ്പെട്ട രീതിയിൽ ചിത്രീകരിച്ചിട്ടുണ്ട്. പ്രചാരണത്തിന്റെ ചുവന്ന തുണിയെടുത്തു വീശാതെ തന്നെ ഇന്നത്തെ സമുദായത്തിന്റെ മലിനഭാഗങ്ങളെ കഥാകാരൻ നമുക്കു കാണിച്ചു തരുന്നു.

സാമുദായിക ഘടന ജനിപ്പിക്കുന്ന പാരതന്ത്ര്യത്തെ ആന്ന അക്മാതൗവ എന്ന റഷ്യൻ കവി (കവയിത്രി) സ്ഫുടീകരിക്കുന്നത് അന്യാദൃശമായ രീതിയിലാണ്. വ്യക്തമല്ലാത്ത കുറ്റങ്ങളുടെ പേരിൽ അവരുടെ മകനെ ഇരുപത്തിരണ്ടു കൊല്ലം കാരാഗൃഹത്തിൽ പാർപ്പിച്ചു സർക്കാർ. പതിനേഴു മാസം എല്ലാ ദിവസവും അവർ കാരാഗൃഹത്തിന്റെ മുൻപിൽ ക്യൂവിൽ നിന്നിരുന്നു. മകനെ കണ്ടില്ല. അതിനെക്കുറിച്ച് അവരെഴുതിയ ആർദ്രീകരണശക്തിയുള്ള ഒരു കാവ്യം അവസാനിക്കുന്നത് ഇങ്ങനെ:

> And let the melting snow stream
> like tears from my motionless, bronze eyelids,
> Let the prison dove call in the distance
> and the boats go quietly on the Neva.

ശുഷ്കം

കാവ്യം പ്രാചീനമാവട്ടെ, നവീനമാകട്ടെ. അതിനു വൈകാരികസ്വഭാവം ഉണ്ടായിരിക്കണം. ഈ വൈകാരികത്വം ആശയത്തോടും ലയത്തോടും ചേർന്നു വരുമ്പോൾ അതിനു രൂപശില്പം ലഭിക്കുകയായി. ‘കന്യാകുമാരി’ എന്ന കാവ്യം രമേശൻ നായരുടേതാണ് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 17). ദേവിയെ അഭിസംബോധന ചെയ്തു കൊണ്ടു രചിച്ച ഈ കാവ്യത്തിൽ വൈകാരികത്വം ഒട്ടുമില്ല. തീക്ഷ്ണതയാർന്ന വികാരമില്ല എന്നല്ല പറയേണ്ടത്. വികാരമേയില്ല.

> കാത്തിരിപ്പിന്റെ കടംകഥ നീ; കർമ്മ
> കാണ്ഡങ്ങൾ നീറ്റും നിതാന്ത വിരഹിണി
> തെറ്റിയതെന്തേ മുഹൂർത്തം നിനക്കന്നു
> പറ്റലരായതു ദേവ സ്വാർത്ഥങ്ങളോ
> ഇന്നും ചമയമഴിക്കാതെ നോറ്റിരി
> ക്കുന്നു പ്രതിശ്രുതരുദ്രൻ, വരൻ, ഹരൻ

ഇങ്ങനെ മിത്തിനെ ആവിഷ്കരിക്കുന്നതിൽ തൽപരനായ രമേശൻനായർ അതിലടങ്ങിയ വികാരത്തെ താനറിയാതെ ചോർത്തിക്കളയുന്നു. ഏതനുഭവത്തിന്റെ വൈകാരികാംശത്തെ കലാകാരൻ നശിപ്പിക്കുന്നുവോ ആ അനുഭവം വിരസവും ജുഗുപ്സാവഹവും ബഹിർഭാഗസ്ഥവുമായി പരിണമിക്കുന്നു. ഈ കാവ്യത്തിന്റെ ദോഷം അതുതന്നെയാണ്. “വാക്യദ്ധ്വംകൃതിയിൽ” അഭിരമിക്കുന്ന കവി മിത്തിനെയും അതിനോടു ബന്ധപ്പെട്ട വികാരത്തെയും അയഥാർത്ഥീകരിക്കുകയാണ്. ആ പ്രക്രിയ നടക്കുമ്പോൾ ഫലം ആഹ്ളാദമല്ല, യാതനയാണ്. തീവ്രവേദനയോടുകൂടിയാണ് ഞാൻ രമേശൻ നായരുടെ കാവ്യം വായിച്ചു തീർത്തത്. ദുഃഖത്തോടുകൂടിയാണ് ഞാൻ ഇതു കുറിക്കുന്നത്. കാരണം രമേശൻ നായർ എന്റെ അഭിവന്ദ്യമിത്രമാണ് എന്നതത്രേ. സാഹിത്യത്തോടു ബന്ധപ്പെട്ട വേറെ ഏതെങ്കിലും രചന ആഴ്ചപ്പതിപ്പിലുണ്ടായിരുന്നെങ്കിൽ ഞാൻ ഈ കാവ്യത്തെക്കുറിച്ച് എഴുതുകില്ലായിരുന്നു. വാരികയെ അവഗണിക്കരുതല്ലോ. പറയുന്നതു സത്യം ആകണം. അതിനാലാണ് ഈ വിമർശനം.

“സെൻ ബുദ്ധിസ”ത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും വായിക്കാൻ കഴിഞ്ഞിട്ടുണ്ട് എനിക്ക്. ഏതോ ഗ്രന്ഥത്തിൽ നിന്നു കിട്ടിയ ഒരാശയം ഇവിടെ എഴുതട്ടെ. ആചാര്യൻ പറഞ്ഞു: അന്തരീക്ഷത്തിൽ ചന്ദ്രന്റെ സ്ഥാനം കാണിക്കാനായി ഞാൻ ഈ ചൂണ്ടുവിരൽ ചൂണ്ടുന്നു. നോക്കു. ചന്ദ്രനെ കാണാം. എന്നാൽ ചന്ദ്രനെ കാണാനായി എന്റെ ചൂണ്ടുവിരലിൽ നോക്കിയാൽ പോരാ. കാവ്യത്തിലെ കവിതയുടെ അംശം ചന്ദ്രനെപ്പോലെ തിളങ്ങണം. വാക്കാകുന്ന ചൂണ്ടുവിരലാണ് ആ ചന്ദ്രനെ കാണിച്ചുതരുന്നത്. കവി, വാക്കിലേക്കു മാത്രം നോക്കിയാൽ മതിയാവില്ല. (ആശയം മുഴുവനും പരകീയം.)

സി. പി. നായർ

എന്റെ ഒരു സ്നേഹിതൻ അവിവാഹിതയായ ഒരു കോളേജദ്ധ്യാപികയെ വിളിച്ചിരുത്തി ലേശം അശ്ലീലം കലർത്തി സംസാരിക്കുമായിരുന്നു. അവൾക്ക് ആ തെറി മനസ്സിലായിരുന്നു. എങ്കിലും മനസ്സിലായില്ലെന്ന മട്ടിൽ ചിരിച്ചുകൊണ്ടിരിക്കും. അശ്ലീലത്തിന്റെ അളവു കൂടിക്കൂടിവന്നു. “എന്തിനിങ്ങനെ സംസാരിക്കുന്നു?” എന്നു ഞാൻ ഒരു ദിവസം അദ്ദേഹത്തോടു ചോദിച്ചപ്പോൾ This is verbal seduction എന്ന് മറുപടി കിട്ടി. യുവതിക്ക് അശ്ലീലഭാഷണം രസകരമാണെന്നു കണ്ടപ്പോൾ സ്നേഹിതൻ ‘വെർബൽ സെഡക്ഷൻ’ വിട്ട് ‘വെർബൽ കോയിറ്റ’സിലേക്കു ചെന്നു. അതു യഥാർത്ഥമായ വേഴ്ചയായി മാറിയപ്പോൾ സംഭാഷണത്തിന്റെ ആവശ്യകത ഇല്ലാതായി. പിന്നീട് രണ്ടുപേരും മൗനം. വാക്കിന്റെ ശക്തിയാണ് ഇതു കാണിക്കുന്നത്. മുദ്രാവാക്യങ്ങൾ വെർബൽ കോയിറ്റസാണു നടത്തുന്നതെന്ന് എനിക്കു തോന്നുന്നു. അത് അസത്യാത്മകമാണ്, സ്ഥൂലീകരിക്കപ്പെട്ടതാണ്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസനയങ്ങളെ എതിർക്കാൻ വേണ്ടി ചിലർ ജാഥകൾ നടത്തി. ഒരു ജാഥയിൽ ഞാൻ കേട്ട മുദ്രാവാക്യം ഇങ്ങനെ: “മണ്ടാമുണ്ടാ മുണ്ടശ്ശേരി…” ജോസഫ് മുണ്ടശ്ശേരി ധിഷണാശാലിയായിരുന്നു. അതു മുദ്രാവാക്യം വിളിച്ചവർക്കുമറിയാം. എങ്കിലും രാഷ്ട്രീയമായ ലക്ഷ്യത്തോടെ അസത്യാത്മകമായ മുദ്രാവാക്യം വിളിച്ചു പ്രതിയോഗികൾ. “അരിയെവിടെ തുണിയെവിടെ? പറയൂ പറയൂ നമ്പൂരി” ആരു ഭരിച്ചാലും അരിക്കും തുണിക്കും ക്ഷാമം വരും. ജനപ്പെരുപ്പമാണ് അതിനു കാരണം. അപ്പോൾ അരിയുടെയും തുണിയുടെയും ദൗർല്ലഭ്യത്തിനു കാരണക്കാരൻ നമ്പൂരിയാണെന്നു പറയുന്നതു കള്ളം. എങ്കിലും രാഷ്ട്രവ്യവഹാരത്തിന്റെ ആവശ്യകതയ്ക്കു യോജിച്ച മട്ടിൽ മുദ്രാവാക്യം മുഴക്കുന്നു. “ഇതു പോലൊരു നാറിയ ഭരണം കേരളമക്കൾ കണ്ടിട്ടില്ല” എന്നു വേറൊരു മുദ്രാവാക്യം. ഏതു സർക്കാരിന്റെ കാലത്തായാലും ഇതു കള്ളമാണ്. അതിനെക്കാൾ നാറിയ ഭരണം പലതും കേരളമക്കൾ കണ്ടിട്ടുണ്ടല്ലോ. ഇങ്ങനെ അസത്യം കലർന്ന മുദ്രാവാക്യങ്ങൾ പല പരിവൃത്തി വിളിക്കുമ്പോൾ അവയിലെ അസത്യാംശം വിസ്മരിക്കപ്പെടുന്നു. അവ സത്യമാണെന്നു തോന്നുകയും ചെയ്യുന്നു. ജനം ഒരുമിച്ചു കൂടുമ്പോൾ ഒരു തരത്തിലുള്ള വിഷം വ്യാപിക്കും. ഈ വിഷം ഇന്ദ്രിയങ്ങളെ തളർത്തും. തളർന്ന ഇന്ദ്രിയങ്ങൾക്കു അസത്യത്തെ സത്യമായി സ്വീകരിക്കാൻ പ്രയാസമുണ്ടാവുകയില്ല. ഞാനിത്രയും വിരസമായി എഴുതിയത് സി. പി. നായരുടെ ‘മുദ്രാവാക്യസാഹിത്യം സിന്ദാബാദ്’ എന്ന സരസമായ ലേഖനം വായിച്ചതിനാലാണ്. (മനോരമ ദിനപത്രം ജൂലൈ 4) ഏതു ശുഷ്കമായ വിഷയവും സി. പി. നായരുടെ തൂലികാസ്പർശംകൊണ്ടു രസപ്രദമാകും. ആ കഴിവ് ഈ ഹാസ്യലേഖനത്തിലും ദർശിക്കാം. മന്നത്തു പത്മനാഭൻ, എം. എൻ. ഗോവിന്ദൻനായർ എന്നീ മഹാവ്യക്തികളെ രസിപ്പിച്ചിരിക്കാൻ ഇടയുള്ള ചില മുദ്രാവാക്യങ്ങൾ ഈ ലേഖനത്തിലുള്ളത് ഇവിടെ എടുത്തെഴുതട്ടെ.

“മന്നം സിംഹം ഗർജ്ജിക്കുമ്പോൾ എം. എൻ. ജംബുകനോരിയിടുന്നു” “എം. എൻ. ജംബുകനാണെങ്കിൽ മന്നം കോഴിക്കുഞ്ഞാണ്.” “മന്നം കോഴിക്കുഞ്ഞാണെങ്കിൽ എം. എൻ. വെറുമൊരു ചിതലാണ്” “എം. എൻ. വെറുമൊരു ചിതലാണെങ്കിൽ മന്നം വെറുമൊരു മതിലാണ്.” ചിരിപുരണ്ട കടക്കണ്ണുകൊണ്ട് സി. പി. നായർ മുദ്രാവാക്യം വിളിക്കുന്നവരെ നോക്കുന്നു. ആ നോട്ടം എന്നെപ്പോലുള്ളവരെ രസിപ്പിക്കുന്നു.

നിരീക്ഷണങ്ങൾ

മദ്ധ്യവയസ്കന്റെ ചെറുപ്പക്കാരിയും സുന്ദരിയുമായ ഭാര്യയെ ഒരു ചെറുപ്പക്കാരൻ കടന്നു പിടിക്കുന്നു. അവൾ അയാളെ അടിക്കുന്നു. പക്ഷേ, ഭർത്താവിനോട് ഒന്നും പറയുന്നില്ല മനോരാജ്യത്തിൽ (ലക്കം 32). രാജഗോപാൽ എഴുതിയ കഥയുടെ സാരമാണിത്. ചേര ചത്തു ചെളിയിൽ കിടക്കയോ?… രണ്ടും അല്ല. രാജഗോപാലിന്റെ കഥ ഉത്കൃഷ്ടമായ ഒരു വാരികയിൽ കിടക്കുകയാണ്. മൂക്കു പൊത്തു.

“സ്വന്തമായൊരുപിടി പദങ്ങൾ വേണം ഇന്നെന്നന്തരംഗത്തിൽ തുടികൊട്ടുന്ന വികാരങ്ങൾ ഭാവപൂർണ്ണമായ് തീവ്രശക്തമായ് പകർന്നീടാൻ” ഇത് എക്സ്പ്രസ്സ് വാരികയിൽ ‘പദങ്ങൾ’ എന്ന പദ്യമെഴുതിയ ധീരപാലൻ ചാളിപ്പാട്ടിന്റെ ആഗ്രഹമാണ്—ആഗ്രഹങ്ങളെല്ലാം കുതിരകളായിരുന്നെങ്കിൽ യാചകർ കുതിരസ്സവാരി നടത്തുമായിരുന്നു.

ജൊനതൻ ഷെല്ല്

ജൊനതൻ ഷെല്ലിന്റെ The Fate of the Earth 1982-ൽ പ്രസിദ്ധപ്പെടുത്തി. ന്യൂക്ളിയർ ആയുധങ്ങൾ നശിപ്പിച്ചിട്ട് ലോകഗവണ്മെന്റ് രൂപവത്കരിക്കാൻ ഷെൽ അതിലൂടെ ആഹ്വാനം ചെയ്തു. 1984-ൽ പ്രസിദ്ധപ്പെടുത്തിയ The Abolition എന്ന ഗ്രന്ഥത്തിൽ ന്യൂക്ലിയർ ആയുധങ്ങൾ നശിപ്പിക്കുന്നതെങ്ങനെയാണെന്നും രാഷ്ട്രങ്ങൾക്കു പരമാധികാരം നിലനിറുത്താൻ സാധിക്കുന്നത് എപ്രകാരമാണെന്നും ഷെൽ വ്യക്തമാക്കിയിരിക്കുന്നു. രണ്ടും പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ തന്നെ. ഡോക്ടർ എം.എം. ബഷീർ ‘ജനയുഗം’ വാരികയിൽ (ലക്കം 31) The Fate of the Earth എന്ന ഗ്രന്ഥത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. സാഹിത്യപഞ്ചാനനൻ പി.കെ.യുടെ ഭാഷയിൽ പറഞ്ഞാൽ ഇത്തരം പ്രവർത്തനങ്ങൾ ആദരണീയങ്ങളും സ്വീകരണീയങ്ങളുമാണ്.

തിരുവനന്തപുരത്തെ ‘ചർച്ചാവേദി’യുടെ ഒരു സമ്മേളനത്തിൽ പ്രൊഫസർ എസ്. ഗുപ്തൻ നായർ പറഞ്ഞു പോലും “ഇടപ്പള്ളി രാഘവൻ പിള്ളയെക്കാൾ വലിയ കവിയാണ് വി. സി. ബാലകൃഷ്ണപ്പണിക്ക”രെന്ന്. ആഹ്ലാദദായകമല്ല ആ പ്രസ്താവം. കവിതയ്ക്കു ഭൂഷണങ്ങൾ ചാർത്തിക്കൊടുക്കുന്നതിലായിരുന്നു ബാലകൃഷ്ണപ്പണിക്കർക്കു കൗതുകം. “വിശ്വരൂപം” വായിക്കു. കൺസീറ്റുകൾ കൊണ്ടു നിറച്ച ആ കാവ്യം നമുക്ക് ചെടിപ്പ് ഉണ്ടാക്കും. ‘ഇടപ്പള്ളി രാഘവൻ പിള്ള ഭാഷ ഉപയോഗിച്ചത് അലങ്കാരപ്പണിക്കല്ല; അലങ്കൃത സൗധത്തിന്റെ അകത്തു പാർക്കുന്ന മനുഷ്യരെ കാണാനാണ്. അദ്ദേഹം അവരെ കണ്ടു. അവരുടെ വേദനകൾ പകർത്തി. ആ വേദനകൾ നമ്മളുടേതുമാണ്. ഇടപ്പള്ളിക്കവിത ജനിപ്പിക്കുന്ന ‘ഇന്റിമസി’ ബാലകൃഷ്ണപ്പണിക്കരുടെ കവിത ജനിപ്പിക്കുന്നില്ല. ബാലകൃഷ്ണപ്പണിക്കരെക്കാൾ പൊക്കം കൂടുതലാണ് ഇടപ്പള്ളിക്ക്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.